പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 1657

17/06/2013 ൽ
മറുപടിക്ക്

## സർക്കാർ തീയേറ്ററുകളുടെ നവീകരണം

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. എ. റ്റി. ജോർജ്
ശ്രീ. ആർ. സെൽവരാജ്
ശ്രീ. പി.എ. മാധവൻ

മറുപടി

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സർക്കാർ തീയേറ്ററുകളുടെ നവീകരണവും വികസനവും ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. കെ.എസ്.എഫ്.ഡി.സി.യുടെ കീഴിലുള്ള സർക്കാർ തീയേറ്ററുകളായ തിരുവനന്തപുരത്തെ കലാഭവൻ, ശ്രീ തീയേറ്ററുകൾ ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും കൈരളി തിയേറ്റർ രണ്ടായി വിഭജിച്ച് കൈരളി, നിള എന്നീ പേരുകളിൽ നവീകരണം പൂർത്തിയാക്കുകയും ചെയ്തു. കോഴിക്കോട് കൈരളി/ശ്രീ തീയേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ ചേർത്തല, പറവൂർ, തൃശ്ശൂർ എന്നിവിടങ്ങളിലെയും സർക്കാർ തിയേറ്ററുകൾ നവീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | ആധുനിക സജ്ജീകരണങ്ങളോടെ തിയേറ്ററുകൾ നവീകരിച്ച് പ്രേക്ഷകരെ തിയേറ്ററുകളിലേക്ക് ആകർഷിക്കുക, അതോടൊപ്പം കെ.എസ്.എഫ്.ഡി.സി.യുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ആരുടെയെല്ലാം പങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (സി) | സർക്കാർ ധനസഹായമുപയോഗിച്ചാണ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇതിനായി സ്വീകരിച്ചിട്ടുള്ള പ്രാരംഭ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഡി) | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ നെ പ്രോജക്ട് എക്സിക്യൂഷൻ ഏജൻസിയായി കെ.എസ്.എഫ്.ഡി.സി ബോർഡ് തീരുമാനമനുസരിച്ച് നിയോഗിച്ചിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ തിയേറ്ററുകളുടെ നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ